**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 394** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കയർ മേഖലയുടെ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** 2016 മുതൽ 2026 വരെയുള്ള പത്ത് വർഷക്കാലം കയർമേഖല പിന്നാക്കം പോയതായുള്ള ആക്ഷേപം അന്വേഷിച്ച് അപ്രകാരമുള്ള പക്ഷം പരിഹാര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കയർ ഉൽപാദനത്തിന്റെ അടിസ്ഥാന ഘടകം ഗുണമേന്മയുള്ള തൊണ്ടിന്റെ ലഭ്യതയാണ്. അതിനാൽ തൊണ്ടിന്റെ ശേഖരണവും സംഭരണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കയർ സംഘങ്ങളുടെ കൺസോർഷ്യം, കയർഫെഡ്, കയർ കോർപറേഷൻ എന്നിവയുടെ നേതൃത്വത്തിൽ തൊണ്ട് സംഭരണത്തിനായി പുതിയ പദ്ധതി നടപ്പാക്കുന്നതാണ്. ഇതോടൊപ്പം ചകിരി, കയർ എന്നിവയുടെ ഉല്പാദനത്തിന് മെച്ചപ്പെട്ട ഉത്പാദനക്ഷമതയുള്ള ആധുനിക മെഷീനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**(ബി)** 2006 -2011 കാലയളവിൽ കയർ മേഖലയിൽ ഉണ്ടായ നവീന നടപടികളും നിർമ്മാണങ്ങളും പരിഗണിച്ച് കയറിന് കിട്ടിയ 'ദ ഗോൾഡൻ യാൺ ഒഫ് ഗോഡ്സ് ഔൺ കൺട്രി' എന്ന ബഹുമതി പുന:സ്ഥാപിച്ച് കാലത്തിനനുസരിച്ച് മുന്നേറുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പരിശീലനം, നൂതന കയർ ഉൽപ്പന്നങ്ങളുടെ വികസനം, പുതിയ വിപണികൾ കണ്ടെത്തൽ, മെക്കനൈസേഷൻ, ഗവേഷണ - വികസന പ്രവർത്തനങ്ങൾ (R&D) എന്നിവയ്ക്ക് പ്രാധാന്യം നൽകി കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കയർ വ്യവസായത്തിന്റെ ഉപോൽപ്പന്നമായ കൊക്കോപിത്ത് ഉപയോഗിച്ചുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(സി)** ചെറുകിട കയർ ഫാക്ടറി ഉടമകൾക്കും കയർ പിരി സംഘങ്ങൾക്കും കൂട്ടായ്മകൾക്കും വർദ്ധിച്ച തോതിൽ ഗ്രാന്റുകൾ നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിലുള്ള സഹായ പദ്ധതികൾ തുടർന്നും കാര്യക്ഷമമായി നടപ്പാക്കുന്നതോടൊപ്പം ഗ്രാന്റുകൾ വർദ്ധിപ്പിച്ച് , ചെറുകിട കയർ ഫാക്ടറി ഉടമകൾക്കു കയർപിരി സംഘങ്ങൾക്കും കൂട്ടായ്മകൾക്കും നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**(ഡി)** കയറ്റുമതിക്കാരുടെയും വൻകിട ഉത്പാദകരുടെയും ന്യായമായ ആവശ്യങ്ങൾ പരിഗണിച്ച് അഭിപ്രായ സമന്വയം ഉണ്ടാക്കാൻ ഉടമകളുടെയും കയറ്റുമതിക്കാരുടെയും യോഗം മന്ത്രിതലത്തിൽ വിളിച്ച് ചേർക്കുമോ; കയറിൻെറ വാങ്ങൽ വില വർദ്ധിപ്പിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** കയറിന്റെ ഉൽപാദന ചെലവിലുണ്ടാകുന്ന വ്യതിയാനങ്ങൾ വിലയിരുത്തി കാലാകാലങ്ങളിൽ വാങ്ങൽ വിലയിൽ വർദ്ധനവിന് നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**